ജി എം എൽ പി എസ്

മഞ്ചേരി

സ്കൂൾ തല അക്കാദമിക് മാസ്റ്റർപ്ലാൻ

ഹ്രസ്വകാല പരിപാടികൾ:

1. അടിസ്ഥാന ശേഷികൾ ഉറപ്പിക്കൽ
_ മലയാളം അക്ഷരങ്ങൾ
_ ഇംഗ്ലീഷ് അക്ഷരങ്ങൾ
_ മലയാളചിഹ്നങ്ങൾ
_ സംഖ്യാബോധം ഉറപ്പിക്കൽ

പ്രവർത്തനങ്ങൾ:
- പിന്തുണാ ക്ലാസുകൾ (സ്കൂൾ സമയത്തിന് പുറമേ )
- പ്രത്യേക വർക്ക്ഷീറ്റുകൾ തയ്യാറാക്കൽ
-പദകേളികൾ സംഘടിപ്പിക്കൽ
-വായനാ കാർഡ് നിർമാണം
- ഗണിത കേളികൾ

മധ്യകാല പരിപാടികൾ:

1.ലിറ്റിൽ സ്കോളർ
_ ഓരോ മാസവും ക്വിസ് മത്സരം നടത്തൽ
_വിജയികളെ അനുമോദിക്കൽ
_ വർഷാവസാനത്തിൽ മെഗാ ക്വിസ്

പ്രവർത്തനങ്ങൾ:
_ അനുയോജ്യമായ ചോദ്യങ്ങൾ തയ്യാറാക്കി നൽകൽ
_സ്കൂൾതലമത്സരം സംഘടിപ്പിക്കൽ

2. EYE (Enrich your English)
_ മൊഡ്യൂൾ നിർമാണം
_വർക്ക് ഷീറ്റ് തയ്യാറാക്കൽ
_പദസമ്പത്ത് വിപുലീകരണം(verbs,new words)
_spoken English videos
_Oneday one story
_Devoloping English diary

3. ഹരിത വിദ്യാലയം
_എഴുതി തീർന്ന സമ്പാദ്യം
_നുണഞ്ഞു തീർത്ത മധുരം

_അടുക്കളത്തോട്ടം
_പൂന്തോട്ടനിർമ്മാണം(എന്റെ ചെടി പദ്ധതി)

ദീർഘകാല പരിപാടികൾ

_വ്യക്തിത്വ വികാസം
_ഇംഗ്ലീഷ് ,മലയാളം ,അറബി ഭാഷകൾ അനായാസം കൈകാര്യം ചെയ്യൽ
_ മത്സരപരീക്ഷകൾക്ക് പ്രാപ്തരാക്കൽ
_ ആരോഗ്യകായിക വികാസം (മാസ്ഡ്രിൽ, സൈക്ലിംഗ്, ഫുട്ബോൾ, സുംബ)
_ വിവര സാങ്കേതികവിദ്യയിൽ പ്രാവീണ്യം
_സ്കൂൾ ഭൗതിക സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ (CSR ഫണ്ട്)

# ACADEMIC MASTER PLAN

## CLASS -1

# ആമുഖം

ഒന്നാം ക്ലാസിലെ കുട്ടികളുടെ സമഗ്ര വികസനമാണ് ഓരോ രക്ഷിതാവും അധ്യാപകരും ലക്ഷ്യം വയ്ക്കുന്നത്. സ്വതന്ത്രമായ പ്രതികരണങ്ങൾ, വായനാശേഷി, ശില്പശാല, സംയുക്ത ഡയറി, സ്വതന്ത്ര രചനകൾ എന്നിങ്ങനെ വിവിധ മേഖലകൾ കുട്ടി കൈവരിക്കേണ്ടതായിട്ടുണ്ട്. അക്കാദമിക നേട്ടങ്ങൾ കൈവരിക്കുന്നതിനോടൊപ്പം കുട്ടികളുടെ ശാരീരികവും, മാനസികവും വൈകാരികവുമായ നേട്ടങ്ങൾ കൂടി കൈരിക്കാൻ ആവശ്യമായ ഇടപെടലുകളും ആണ് ലക്ഷ്യമിടുന്നത്. ഭാഷയിലെ വിവിധതരം പ്രവർത്തനങ്ങൾ കുട്ടിക്ക് സ്വയം സ്വായക്തമാക്കണം. അക്കാദമിക് മാസ്റ്റർ പ്ലാൻ വഴി എന്നത് മുൻകൂട്ടി ഓരോ മാസവും വിവിധ പ്രവർത്തന ഘട്ടത്തിലൂടെ കുട്ടിയും രക്ഷിതാവും അധ്യാപകരും ഇറങ്ങിച്ചെല്ലുന്നു. സമഗ്ര ഗുണമേന്മ പദ്ധതിയുടെ ഭാഗമായാണ് അക്കാദമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കപ്പെടുന്നത്. ഈ അധ്യയനവർഷത്തിൽ കുട്ടി, രക്ഷിതാവ്, അധ്യാപകർ മറ്റു സഹായികൾ ഉൾപ്പെട്ടു കൊണ്ട് ജൂൺ മുതൽ മാർച്ച് വരെയുള്ള കാലയളവിൽ നടപ്പിലാക്കുന്നതും തുടർപ്രവർത്തന സാധ്യതയുള്ളതുമായ വിവിധ പദ്ധതികളും വിലയിരുത്തലിനും സാധ്യത ഒരുക്കിക്കൊണ്ടാണ് മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുള്ളത്

GMPS MANJERI

# മലയാളം

## ലക്ഷ്യങ്ങൾ

- ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനുമുള്ളവരാക്കുക
- എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘു വാക്യങ്ങളിൽ എഴുതി പ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പുവരുത്തുക
- എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കഥകൾ, കൃതികൾ വായിച്ചു ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക
- രക്ഷിതാവിന്റെയും അധ്യാപികയുടെയും സഹായത്തോടെ വിവിധ വ്യവഹാര രൂപങ്ങളിൽ ഏർപ്പെടൽ അവ നവമാധ്യമങ്ങളിൽ പങ്കിടൽ
- ലളിതമായ വായന കാർഡുകൾ നിർമ്മിക്കുന്നു വായിക്കുന്നു
- കുട്ടികൾക്കായി വായനോത്സവം രചനോത്സവം ഭാഷോത്സവം എന്നിവ നടത്തുന്നു

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| വായനോത്സവം<br>കഥാ വേള ഒരുക്കൽ | • കഥകൾ-ചിത്രങ്ങൾ വഴിയും, ഡിജിറ്റൽ മാർഗ്ഗത്തിലൂടെയും നൽകൽ | **ജൂൺ** | ടീച്ചർ |
| ക്ലാസ്-ഒരു വായനക്കൂട് | • കേട്ട കഥകൾ സ്വന്തം ഭാഷയിൽ അവതരിപ്പിക്കൽ | | ടീച്ചർ<br>രക്ഷിതാവ് |
| പാട്ടരങ്ങ് | • പരിചിതമായ പാട്ടുകൾ, താളം നൽകി ഒറ്റയ്ക്കും കൂട്ടമായും അവതരിപ്പിക്കൽ | | ടീച്ചർ<br>രക്ഷിതാവ് |

GMLPS MANJERI

| | | | |
|---|---|---|---|
| ശില്പശാല | • നിർമ്മാണ പ്രവർത്തനങ്ങൾക്കാവശ്യമായ സാധനങ്ങൾ സജ്ജമാക്കൽ | ജൂലൈ | ടീച്ചർ<br>രക്ഷിതാവ്<br>PTA<br>അംഗങ്ങൾ |
| സംയുക്ത ഡയറി എഴുത്ത് | • അമ്മയുടെ സഹായത്തോടെ സംയുക്ത ഡയറി എഴുത്ത് | | രക്ഷിതാവ് |
| വീട് ഒരു വായനാക്കൂട് | • ലൈബ്രറി പുസ്തകങ്ങൾ വീട്ടിലേക്ക് കൊടുത്തു വിടുന്നു | | രക്ഷിതാവ് |
| അക്ഷരം ഉറപ്പിക്കൽ | • അക്ഷരപ്പാട്ടുകൾ നൽകി ആവർത്തിച്ചു വരുന്ന അക്ഷരങ്ങൾ ഉറപ്പിക്കൽ | | ടീച്ചർ<br>രക്ഷിതാവ് |
| ചിത്രവ്യാഖ്യാനം | • ചിത്ര വായനയ്ക്ക് അവസരം ഒരുക്കുന്നു ചിത്രം നോക്കി കഥ പറയുന്നു | ആഗസ്റ്റ് | ടീച്ചർ<br>രക്ഷിതാവ് |
| കണ്ടെത്തൽ വായന | • പരിചിത അക്ഷരങ്ങളുള്ള ലഘുവാക്യങ്ങൾ പദങ്ങൾ എന്നിവ ഒറ്റയ്ക്കും സഹായത്തോടെയും വായിക്കുന്നു | | ടീച്ചർ<br>രക്ഷിതാവ് |
| റീഡേഴ്സ് തിയറ്റർ | • പാഠപുസ്തകത്തിലുള്ള രചനകൾ ഭാവാത്മകമായി അവതരിപ്പിക്കൽ | | ടീച്ചർ |

SMLPS MANJERI

| | | | |
|---|---|---|---|
| നിർമ്മാണ ശില്പശാല | • അക്ഷരപ്പാട്ടുകൾ വായന കാർഡുകൾ എന്നിവയുടെ നിർമ്മാണം | സെപ്റ്റംബർ | ടീച്ചർ രക്ഷിതാവ് PTA അംഗങ്ങൾ |
| രചനോത്സവം നടത്തൽ | • കുട്ടികൾക്ക് സ്വതന്ത്ര രചനക്കുള്ള അവസരം നൽകൽ | | ടീച്ചർ രക്ഷിതാവ് PTA അംഗങ്ങൾ |
| സംയുക്ത ഡയറി മെച്ചപ്പെടുത്തൽ | • സംയുക്ത ഡയറിയിലേക്ക് വേണ്ട അനുഭവങ്ങൾ പങ്കുവെക്കൽ | | ടീച്ചർ രക്ഷിതാവ് |
| ഭാഷോത്സവത്തിന് പ്രാധാന്യം നൽകൽ | • വ്യക്തിഗതമായ രചനകൾക്ക് അവസരം ഒരുക്കുന്നു | ഒക്ടോബർ | ടീച്ചർ രക്ഷിതാവ് PTA അംഗങ്ങൾ |
| കടങ്കഥ കേളി | • വസ്തുക്കളുടെയും സംഭവങ്ങളുടെയും പ്രധാന വിവരങ്ങൾ വാചികരൂപത്തിലും ലിഖിത രൂപത്തിലും അവതരിപ്പിക്കൽ | | ടീച്ചർ രക്ഷിതാവ് |

GMLPS MANJERI

| | | | |
|---|---|---|---|
| രചനോത്സവം സംഘടിപ്പിക്കൽ | • വ്യക്തിഗതമായ രചനകൾക്ക് അവസരം ഒരുക്കുന്നു | | ടീച്ചർ<br>രക്ഷിതാവ്<br>PTA<br>അംഗങ്ങൾ |
| ഭാഷാ പ്രവർത്തനങ്ങൾ | • ഭിന്ന നിലവാരക്കാരെ പരിഗണിച്ച് ഭാഷാപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്തു നടത്തുന്നു<br>• ഭാഷാപ്രവർത്തനങ്ങൾ സർഗ്ഗാത്മകവും സജീവവും ആക്കുന്നു | | ടീച്ചർ<br>രക്ഷിതാവ്<br>PTA<br>അംഗങ്ങൾ |
| കുട്ടികളെ സ്വതന്ത്ര രചയിതാക്കളാക്കൽ | • സംയുക്ത ഡയറി വാക്യഘടനയിൽ എഴുതി ചേർക്കൽ | നവംബർ | ടീച്ചർ |
| വായനയെ മെച്ചപ്പെടുത്തൽ | • ചങ്ങല വായന നാട്ടുവായന വീട്ടു വായന അമ്മ വായന ചിത്ര വായന എന്നിവ നടത്തൽ | | ടീച്ചർ<br>രക്ഷിതാവ്<br>PTA<br>അംഗങ്ങൾ |
| ഭാഷാപ്രവർത്തനങ്ങൾ വ്യത്യസ്തവും കൗതുകരവുമായി അവതരിപ്പിക്കൽ | • കണ്ടതും കേട്ടതും ആയ കാര്യങ്ങൾ ആശയം ചോർന്നു പോകാതെ പറയാനും എഴുതാനും അവസരം നൽകുന്നു | ഡിസംബർ | ടീച്ചർ<br>രക്ഷിതാവ് |

| | | | |
|---|---|---|---|
| രചനാശേഷി പരിപോഷിപ്പിക്കൽ | • ദൈനംദിന അനുഭവങ്ങൾ തെറ്റില്ലാതെ ഭാഷയിൽ എഴുതുന്നു | | ടീച്ചർ<br>രക്ഷിതാവ് |
| കൂട്ടെഴുത്ത് ഉറപ്പുവരുത്തൽ | • പരസ്പരം പിന്തുണ ഉറപ്പിൽ കൂട്ടം കൂടിയെഴുതുന്നു | | ടീച്ചർ |
| ലഘു രചന ശില്പശാലകൾ | • ലഘു കവിതകൾ കഥകൾ എന്നിവ എഴുതുന്നു | **ജനുവരി** | ടീച്ചർ<br>രക്ഷിതാവ്<br>PTA<br>അംഗങ്ങൾ |
| സ്വയം വായന പരിപോഷിപ്പിക്കൽ | • തീയറ്റർ സാധ്യതകൾ വായന കേളികൾ എന്നിവ ഉപയോഗിച്ച് സ്വന്തമായ വായന നടത്തൽ | | ടീച്ചർ |
| ഡിജിറ്റൽ പോർട്ട്ഫോളിയോ | • ഡിജിറ്റൽ സാധ്യതകളിലൂടെ പുനരവതരണത്തിനുള്ള സാധ്യതകൾ<br>• സംയുക്ത ഡയറിയിലെ ഓരോ കുട്ടിയുടെയും മികച്ച രചനകൾ ഡിജിറ്റൽ പോർട്ട്ഫോളിയോയിൽ സൂക്ഷിക്കുന്നു | | ടീച്ചർ<br>രക്ഷിതാവ്<br>PTA<br>അംഗങ്ങൾ |
| കുഞ്ഞെഴുത്ത് പുസ്തകം തയ്യാറാക്കുന്നു | • കുട്ടികളുടെ സ്വന്തമായ രചനകൾ ചേർത്ത് കുഞ്ഞെഴുത്ത് പുസ്തകം തയ്യാറാക്കുന്നു | | ടീച്ചർ |

| | | | |
|---|---|---|---|
| പ്രകാശനം നടത്തൽ | • കുട്ടികൾ എഴുതിയ ചെറുകഥകൾ കവിതകൾ ഡയറിക്കുറിപ്പുകൾ എന്നിവയുടെ പ്രകാശനം | ഫെബ്രുവരി | ടീച്ചർ<br>രക്ഷിതാവ്<br>PTA<br>അംഗങ്ങൾ |
| ഭാഷാപ്രവർത്തനങ്ങൾ | • ആത്മവിശ്വാസത്തോടെ സ്വതന്ത്രമായി വായിക്കുന്നതിനും എഴുതുന്നതിനും അവസരം ഒരുക്കുന്നു | | ടീച്ചർ<br>രക്ഷിതാവ് |
| രചനോത്സവം മാഗസിൻ നിർമ്മാണം | • ആശയ പൂർണ്ണതയോടെ തൽസമയ രചനകൾ നടത്തുന്നു<br>• സ്വന്തമായി രചനകൾ നടത്തി മാഗസിൻ നിർമ്മിക്കുന്നു | | ടീച്ചർ<br>രക്ഷിതാവ്<br>PTA<br>അംഗങ്ങൾ |
| ഭാഷോത്സവം നടത്തുന്നു | • കുട്ടികളുടെ മികവുകൾ സമൂഹത്തിനുമുന്നിൽ പ്രകടമാക്കാൻ ഭാഷോത്സവത്തിലൂടെ സാധിക്കുന്നു | | ടീച്ചർ<br>രക്ഷിതാവ്<br>PTA<br>അംഗങ്ങൾ |

| | | | |
|---|---|---|---|
| | | മാർച്ച് | |
| കയ്യെഴുത്ത് | • പലതരത്തിലുള്ള കയ്യെഴുത്ത് മാസികകൾ രൂപപ്പെടുത്തി നവമാധ്യമങ്ങളിലും പിടിഎ മീറ്റിങ്ങിലും പ്രദർശനം നടത്തുന്നു | | ടീച്ചർ<br>രക്ഷിതാവ്<br>PTA<br>അംഗങ്ങൾ |
| മാസികകൾ ആൽബം, പതിപ്പുകൾ | • ഓരോ കുട്ടിക്കും ഓരോ പതിപ്പുകൾ ആൽബങ്ങൾ എന്നിവ തയ്യാറാക്കുന്നു | | ടീച്ചർ<br>രക്ഷിതാവ് |
| വായനാകേളി | • വീട്ടു വായന ,കൂട്ട വായന നാട്ടുവായന ,ചങ്ങല വായന, സ്വന്ത വായന എന്നിവയ്ക്ക് പ്രോത്സാഹനം ഒരുക്കുന്നു | | ടീച്ചർ<br>രക്ഷിതാവ്<br>PTA<br>അംഗങ്ങൾ |

GMLPS MANJERI

# പരിസരപഠനം

## ലക്ഷ്യങ്ങൾ

- ചെടികൾ നിരീക്ഷിച്ച് പൂക്കളിൽ നിരവധി വ്യത്യാസങ്ങൾ ഉണ്ടെന്ന് കണ്ടെത്തുന്നു
- വിവിധതരം സസ്യങ്ങൾ ( വലിയ മരങ്ങൾ, ചെറിയ ചെടികൾ പൂക്കുന്നവ, പൂക്കാത്തവ )കണ്ടെത്തി പട്ടികപ്പെടുത്തുന്നു
- സസ്യങ്ങൾക്ക് വേർ ,തണ്ട്, ഇല ,പൂവ് കായ തുടങ്ങിയ ഭാഗങ്ങൾ ഉണ്ടെന്ന് നിരീക്ഷിച്ചു കണ്ടെത്തുന്നു
- പൂക്കളുടെ സാമ്യ വ്യത്യാസങ്ങൾ നിറം ,ഇതളുകളുടെ എണ്ണം പ്രയോജനം ചെറുത് ,വലുത് പട്ടികപ്പെടുത്തുന്നു
- നിറം, രുചി ,ആകൃതി, മണം, വലിപ്പം എന്നിവയിൽ പഴങ്ങൾ വ്യത്യസ്തമാണെന്ന് കണ്ടെത്തുന്നു
- പഴങ്ങൾ കഴിക്കുന്നത് ആരോഗ്യത്തിന് നല്ലതാണെന്ന് മനസ്സിലാക്കുന്നു

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| ചെടികൾ നിരീക്ഷിച്ച് പൂക്കളിൽ നിരവധി വ്യത്യാസങ്ങൾ ഉണ്ടെന്ന് കണ്ടെത്തൽ | • പ്രകൃതി നടത്തം<br>• ചുറ്റുപാടുമുള്ള മരങ്ങൾ, ചെടികൾ നിരീക്ഷിക്കുന്നു<br>• പലതരത്തിലുള്ള പൂക്കൾ പ്രദർശിപ്പിക്കുന്നു | ജൂൺ<br>ജൂലൈ<br>ആഗസ്റ്റ് | ടീച്ചർ<br>രക്ഷിതാവ്<br>PTA<br>അംഗങ്ങൾ |
| ചെടികൾക്ക് വേര് തണ്ട്, ഇല, പൂവ് കായ എന്നീ ഭാഗങ്ങൾ ഉണ്ടെന്ന് കണ്ടെത്തുന്നു | • സ്കൂളിൽ പൂന്തോട്ടം നിർമ്മിക്കുന്നു<br>• പൂന്തോട്ടത്തിൽ നിന്നും ചെടികളെ നിരീക്ഷിച്ചു അവയുടെ ഭാഗങ്ങൾ കണ്ടെത്തുന്നു | സെപ്റ്റംബർ<br>ഒക്ടോബർ<br>നവംബർ | ടീച്ചർ<br>രക്ഷിതാവ്<br>PTA<br>അംഗങ്ങൾ |

| | | | |
|---|---|---|---|
| ഭക്ഷ്യയോഗ്യമായ ഭാഗങ്ങൾ കണ്ടെത്തുന്നു | • പച്ചക്കറികൾ പഴങ്ങൾ, കിഴങ്ങുകൾ, പൂക്കൾ എന്നിവ കൊണ്ടുവരുന്നു | ഡിസംബർ | ടീച്ചർ രക്ഷിതാവ് |
| ഓരോന്നിന്റെയും ഏതു ഭാഗമാണ് ഭക്ഷണയോഗ്യമായത് കണ്ടെത്തുന്നു | • ചെടിയെ കുറിച്ച് വ്യക്തമായ ധാരണ ഉണ്ടാക്കിയെടുക്കുന്നു | ജനുവരി<br>ഫെബ്രുവരി | ടീച്ചർ രക്ഷിതാവ് |
| രക്ഷിതാവിന്റെ സഹായത്തോടെ അടുക്കളത്തോട്ടം നിർമ്മിക്കുന്നു | • വിവിധതരം ചെടികൾ നട്ട് തോട്ടം ഭംഗിയാക്കുന്നു | മാർച്ച് | |

GMLPS MANJERI

# ഗണിതം

## ലക്ഷ്യങ്ങൾ

- ഒന്നു മുതൽ അഞ്ചുവരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു എഴുതുന്നു
- അഞ്ചുവരെയുള്ള എണ്ണത്തെ പകുതി തുല്യം കൂടുതൽ കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു
- ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ എഴുതുകയും വായിക്കുകയും ചെയ്യുന്നു
- വിവിധ ഗണിത രൂപങ്ങൾ തിരിച്ചറിയുന്നു വരയ്ക്കുന്നു

| ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലം | ചുമതല |
|---|---|---|---|
| വട്ടം, ത്രികോണം ചതുരം എന്നിവ കുട്ടികളെ പരിചയപ്പെടുത്തുന്നു | • ചുറ്റുപാടും നിരീക്ഷിച്ച് ദ്വിമാന, ത്രിമാന രൂപങ്ങൾ തിരിച്ചറിയുകയും തരംതിരിക്കുകയും ചെയ്യുക | ജൂൺ | ടീച്ചർ |
| സംഖ്യാ ബോധം | • സംഖ്യകൾ തിരിച്ചറിയൽ പ്രവർത്തനം<br>• സംഖ്യകൾ തിരിച്ചറിഞ്ഞ് പറയുന്നു<br>• സംഖ്യാ കാർഡ് നിർമ്മിക്കൽ | ജൂൺ | ടീച്ചർ<br>രക്ഷിതാവ് |
| ഗണിത കിറ്റ് | • ഗണിത പഠനത്തിന് സഹായകമായ വസ്തുക്കൾ ഉപയോഗിച്ച് ഗണിത കിറ്റ് തയ്യാറാക്കുന്നു | ജൂലൈ | ടീച്ചർ<br>രക്ഷിതാവ്<br>PTA അംഗങ്ങൾ |

| | | | |
|---|---|---|---|
| വലിയ സംഖ്യകൾ ചെറിയ സംഖ്യകൾ | • ഒന്നു മുതൽ 20 വരെയുള്ള സംഖ്യകൾ തിരിച്ചറിയൽ പ്രവർത്തനം<br>• വലിയ സംഖ്യ ചെറിയ സംഖ്യ തിരിച്ചറിയൽ പ്രവർത്തനം | **ആഗസ്റ്റ്** | ടീച്ചർ രക്ഷിതാവ് |
| സങ്കലനക്രിയകൾ | • സംഖ്യകൾ തമ്മിൽ സംഘലനക്രിയകൾ ഒന്നിനോടൊന്ന് കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും<br>• സംഖ്യാ ഗാനങ്ങൾ ആലപിക്കൽ | **സെപ്റ്റംബർ** | ടീച്ചർ |
| ഒറ്റ സംഖ്യകൾ ഇരട്ട സംഖ്യകൾ | • ഒറ്റ സംഖ്യകൾ ഇരട്ട സംഖ്യകൾ തിരിച്ചറിയുന്നു<br>• ഒന്നിടവിട്ട സംഖ്യകൾ ഒറ്റ സംഖ്യ ഇരട്ട സംഖ്യ എന്ന് തിരിച്ചറിവ് ഉണ്ടാക്കൽ | **ഒക്ടോബർ** | ടീച്ചർ രക്ഷിതാവ് |
| സംഖ്യാ ഗാനങ്ങൾ | • സംഖ്യാ ഗാനങ്ങൾ പാടുന്നു ശേഖരിക്കുന്നു<br>• ഗണിത പ്രവർത്തനങ്ങൾ ആസ്വാദകരമാക്കുന്നു | **നവംബർ** | ടീച്ചർ രക്ഷിതാവ് |

| | | | |
|---|---|---|---|
| വർക്ക് ഷീറ്റ് | • സംഖ്യകളെ ഭംഗിയാക്കൽ പ്രവർത്തനങ്ങൾ<br>• മൈ നമ്പർ ബുക്ക് തയ്യാറാക്കൽ | ഡിസംബർ | ടീച്ചർ രക്ഷിതാവ് |
| വ്യവകലന പ്രവർത്തനങ്ങൾ | • സംഖ്യകൾ തമ്മിലുള്ള വിവകലന പ്രവർത്തനങ്ങൾ<br>(10= 1+9 ,10-2=8 ,10-3 =7) | ജനുവരി | ടീച്ചർ രക്ഷിതാവ് |
| ചിഹ്നങ്ങൾ തിരിച്ചറിയൽ | • സങ്കലനം വ്യവകലനം (+-)എന്നിവ തിരിച്ചറിവ് നേടുന്നു | ഫെബ്രുവരി | ടീച്ചർ രക്ഷിതാവ് |
| ഗണിത കിറ്റ് | • ഗണിത കിറ്റ് പ്രവർത്തനങ്ങൾ ചെയ്യുന്നു<br>• സംഖ്യകളുടെ പകുതി തുല്യം തിരിച്ചറിഞ്ഞ് ഗണിത കിറ്റുകളുടെ സാധ്യതകൾ പ്രയോജനപ്പെടുത്തുന്നു | മാർച്ച് | ടീച്ചർ രക്ഷിതാവ് PTA അംഗങ്ങൾ |

# English

**AIM:** TO SPEAK, READ AND WRITE ENGLISH WITHOUT ANY MISTAKE

| AIM | ACTIVITIES | MONTH | SUPPORT |
|---|---|---|---|
| SKILLS | To develop listening skills and reading skills Games Action songs, | June | Teacher Parents |
| LISTENING SKILLS | Hello English activities conversation, Skit, Stories, Use ICT | July | Teacher Parents |
| SPEAKING SKILLS | Descriptions growing sentence, picture reading, selfintroduction,n quiz,reddes ,school radio...etc | August | Teacher Parents |

GMLPS MANJERI

| | | | |
|---|---|---|---|
| READING SKILLS | Reading breaking news<br>Find words from reading materials<br>Rhyming words<br>Describing words from text book activities | September<br>October<br>November<br>December | Teacher<br>Parents |
| WRITING SKILLS | Make word web ,picture description, word chain, sentence chain, make words and sentence make, riddels, conversations, add more lines story telling | January<br>February<br>March | Teacher<br>Parents |

GMLP MANJERI

# അക്കാദമിക മാസ്റ്റർ പ്ലാൻ

ക്ലാസ് - 2.

# മലയാളം

പ്രൈമറി ക്ലാസിലെ കുട്ടികളിലെ ഭാഷാ വികാസം, വൈജ്ഞാനിക മേഖല, സർഗ്ഗാത്മക മേഖല തുടങ്ങിയവയിൽ കുട്ടികളെ പരിപോഷിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി കൊണ്ടാണ് ക്ലാസ് തല മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്. എല്ലാ മേഖലയിലും നൈപുണി നേടിയ ഒരു നല്ല വിദ്യാഭ്യാസത്തിന്റെ ഉടമയായി ഓരോ കുട്ടിയെയും വളർത്തിയെടുക്കുക എന്നതാണ് ഈ പദ്ധതിയുടെ ലക്ഷ്യം. എല്ലാ പഠന നിലവാരത്തിലുള്ളവർക്കും അവരുടേതായ നിലവാരത്തിനനുയോജ്യമായി പഠനപ്രവർത്തനങ്ങൾ നൽകികൊണ്ട് മുൻധാരയിലേക്ക് കൊണ്ടുവരികയാണ് ഇതിന്റെ ലക്ഷ്യം.

## ലക്ഷ്യങ്ങൾ

* സ്വന്തം ഭാഷയിൽ ആശയങ്ങൾ എഴുതിയും പറഞ്ഞും അവതരിപ്പിക്കാനുള്ള ശേഷി നേടുന്നതിന്.

* രണ്ടാം ക്ലാസിലെ എല്ലാകുട്ടികൾക്കും ആശയ ഗ്രഹണ വായന ഉറപ്പിക്കുന്നു.

* ചിത്രത്തെ ആസ്പദമാക്കി വാക്യങ്ങൾ ലഘു വിവരണം, സംഭാഷണം, കഥ എന്നിവ തയ്യാറാക്കുന്നു.

* കവിത വായിച്ച് ഈണം, താളം എന്നിവ കണ്ടെത്തി പാടാനും വരികൾ കൂട്ടിച്ചേർത്ത് കവിതകൾ പാടാനും കഴിയുന്നു.

* ക്ലാസിലെ എല്ലാ കുട്ടികളെയും രണ്ടാം ക്ലാസ് നിലവാരത്തിലുള്ള വ്യവഹാര രൂപങ്ങൾ തയ്യാറാക്കാൻ കഴിവുള്ളവരാക്കും.

* വർഷാവസാനം സ്വതന്ത്രമായ ലേഖനത്തിൽ ഏർപ്പെടുകയും വ്യക്തിഗതമായ രചനകളിൽ ഏർപ്പെടുകയും ചെയ്യുന്നു.

**പ്രവർത്തനങ്ങൾ** ജൂൺ

* അനുഭവങ്ങൾ പറയൽ
* ചിത്ര വായന, എഴുത്ത്
* കുട്ടിക്കവിതകൾ കേൾക്കൽ, പാടൽ

* ചെറിയ കഥാബുക്ക് വായിക്കൽ.
* കഥകൾ കേട്ട് അനുയോജ്യമായ ചോദ്യങ്ങൾക്ക് ഉത്തരം പറയൽ
* ചോദ്യങ്ങൾ ഉണ്ടാക്കി പറയൽ.
* സംഭാഷണം പറയൽ.

ജൂലൈ, ആഗസ്റ്റ്

* ചിത്രത്തെ നോക്കി വാക്യനിർമ്മാണം
* വിവരണം തയ്യാറാക്കൽ.
* ചോദ്യങ്ങൾ ഉണ്ടാക്കി എഴുതൽ. ചെറു (കഥ, കവിതയിൽ നിന്ന്)
* ചെറുസംഭാഷണങ്ങൾ എഴുതൽ.
* സെപ്തംബർ ഒക്ടോബർ
* സ്വന്തമായി കവിത ഉണ്ടാക്കൽ.
* ഈണം മാറ്റിപ്പാടൽ,
* ഈണം കണ്ടെത്തൽ
* സന്ദർഭത്തിനനുസരിച്ച് സംഭാഷണങ്ങൾ എഴുതൽ.
* വായനാ കാർഡ് നിർമ്മാണം.

നവംബർ, ഡിസംബർ ജനുവരി.

* ലൈബ്രറി ബുക്ക് വായിച്ച് കുറിപ്പ് പറയൽ

* സ്വന്തമായി കടങ്കഥ ഉണ്ടാക്കൽ.
* ചെറുകഥകൾ ഉണ്ടാക്കൽ
* ചെറുകവിതകൾ ഉണ്ടാക്കൽ.

ഫെബ്രുവരി, മാർച്ച്.

വായിച്ച പുസ്തകത്തെ കുറിച്ച് കുറിപ്പ് എഴുതുന്നു. കഥയെ സംഭാഷണമാക്കി മാറ്റൽ.

എല്ലാമാസവും പ്രധാനപ്പെട്ട ദിനാചരണവുമബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടത്തുന്നു.

## സംയുക്തഡയറി

ദൈനംദിന അനുഭവങ്ങൾ രക്ഷിതാവിന്റെയോ അധ്യാപികയുടെയോ സഹായത്തോടെ ആശയം ഉൾക്കൊണ്ട് എഴുതുവാൻ സാധിക്കുന്നു. ഇതിലൂടെ ഭാവനയും, സർഗാത്മകശേഷിയും, ആഖ്യാനശേഷി വികസനവും സാധിക്കുന്നു. എല്ലാ നിലവാരത്തിലുമുള്ളവർക്കും ലളിതമായ രീതിയിലൂടെയും എഴുത്തിലൂടെയും സ്വന്തമായ രചനയ്ക്ക് അവസരം ഒരുക്കുകയെന്നതാണ് ഇതിന്റെ ലക്ഷ്യം.

### ലക്ഷ്യങ്ങൾ

* സ്വന്തം അനുഭവങ്ങൾ ക്രമത്തിൽ പറയാനും എഴുതാനും കഴിയുന്നു.
* സ്വന്തമായ രചന പ്രോത്സാഹിപ്പിക്കുന്നു.
* ഭാഷാശേഷി വികസനം സാധ്യമാകുന്നു.

### പ്രവർത്തനഘട്ടങ്ങൾ

* ~~[illegible]~~ ജൂൺ ആദ്യവാരത്തിൽ CPTA യെ കൂടി എഴുത്തിന്റെ ഘടനയെ കുറിച്ച് രക്ഷിതാക്കളിൽ ധാരണ വളർത്തുന്നു.
* ജൂൺ 2-ാം വാരത്തോടെ ആരംഭിക്കുന്നു.
* ഓരോമാസവും മികവ് പ്രോത്സാഹിപ്പിക്കുന്നു.
* ജൂൺ മൂന്നാം ആഴ്ച ഡയറി പരിശോധിച്ച് വിലയിരുത്തുന്നു.

# English

## AIM

To speak read & write English with out any mistake.

Time – June July – to March

## Readiness Activities.

To check the vocubulary & writing skills of pupils

## JUNE & JULY

To develop listening skills & reading skill.

### Listening Skills

1. Action Song, Hello English activities.
2. Simple Conversation, Skit, Listening Simple Stories.
3. use ICT.

### Speaking Skills

* Identify the naming words from the picture.
* Identify action words.

* Make a Simple Sentences using action words.
* picture reading * Description.
* Self Introduction,
* Assembly Activities – Riddles, Description Self introduction. Simple speech.

## August & September.

### Reading Skills

* Library books reading. Find out rhyming words,
* Describing words.
* Collect & read past events & event in progression using appropriate form of verb.
* Text book activities.

### Writing Skills

* Make word web.
* picture description.
* Word chain Sentence chain.
* Make riddle.
* Write simple rhymes.
* Conversation.

Activities – speech, riddles, Self introduction. Make description.

## October and November.

### Reading Skill

1. Make Simple Conversation, skit, Stories.

### Writing Skills

1. Description, Thought.

Activities → simple story book, Word card, Description making. Speech, riddle.

## December & January

1. Develop the creative speaking & writing.
2. To express thoughts feeling etc.

### Reading Skill.

1. Library book reading. skit, stories
 ICT materials. (2) Read a word from friends. Activities —Speech, Riddles.

## February and March.

To improve presentation Power.

Reading skill - (1) News paper reading (2) Library reading.
(3) Read diary

Writing - (1) Diary, (2) letter. (3) description, Thought

Activities — Speech, riddles, Skit.

# പരിസരപഠനം

## ലക്ഷ്യം

ചുറ്റുപാടുകളെ നിരീക്ഷിച്ച് പ്രശ്നങ്ങൾ കണ്ടെത്തൽ, താരതമ്യം, വർഗ്ഗീകരണം, അപഗ്രഥനം, നിഗമനം, പ്രക്രിയാ ശേഷികളിലൂടെ പരിസരപഠനം സാധ്യമാക്കുക.

## പ്രവർത്തനങ്ങൾ

ജൂൺ: പരിസ്ഥിതി ദിന പ്രവർത്തനങ്ങൾ - ജൂലൈ വൃക്ഷത്തൈ വരച്ച് നിറം നൽകുന്നു. പരിസ്ഥിതി ദിനത്തിൽ വീടിനു ചുറ്റുമുള്ള ചെടികളെ കുറിച്ച് പേര് കണ്ടെത്തുന്നു. പരീക്ഷണങ്ങൾ ചെയ്തു കാണാനുള്ള അവസരം നൽകുന്നു. ജലസ്രോതസ്സുകളെ (ICT) പരിചയപ്പെടുന്നു. കേരളത്തിന്റെ പ്രത്യേകതകൾ പറയുന്ന കവിതകൾ കേൾക്കാനുള്ള അവസരം.

കൃഷിയുമായി ബന്ധപ്പെട്ട ഉപകരണങ്ങൾ (CT) ഉപയോഗിച്ച് പരിചയപ്പെടുന്നു.

ആഗസ്റ്റ് -

സ്വാതന്ത്ര്യ സമരത്തെ കുറിച്ച് [illegible] ചെറിയ വിവരണം നൽകൽ. മഹത് വ്യക്തിയെ പരിചയപ്പെടൽ - സമര സേനാനികളുടെ ആൽബം ഉണ്ടാക്കൽ ക്വിസ് എന്നിവ നടത്തൽ.

സെപ്റ്റംബർ

ആരോഗ്യം, ആഹാരവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ. വീഡിയോ, കാണിച്ചു. കൊടുക്കൽ. ധാന്യങ്ങൾ, പഴങ്ങൾ, പച്ചക്കറികൾ, ഇലക്കറികൾ, കിഴങ്ങുകൾ പയറുവർഗങ്ങൾ എന്നിവ ചിത്രം ശേഖരണം - [illegible] ധാന്യങ്ങൾ, പയറുവർഗ്ഗങ്ങൾ ഉപയോഗിച്ച് വ്യത്യസ്ത ചിത്ര നിർമ്മാണം.

# ഗണിതം

## പ്രവർത്തന ലക്ഷ്യങ്ങൾ

രണ്ടാം ക്ലാസിലെ കുട്ടിയെ 100 വരെയുള്ള സംഖ്യാബോധം, സംഖ്യകളെ വ്യാഖ്യാനിക്കാനും സങ്കലനം, വ്യവകലനം പ്രശ്നാപഗ്രഥനം എന്നിവയെല്ലാം നേടി ഉറപ്പാക്കൽ.

### ജൂൺ

രൂപങ്ങളെ താരതമ്യം ചെയ്ത് പൊ: വ്യത്യസ്ത പുലർത്തുന്ന രൂപങ്ങൾ ഉണ്ടെന്ന ധാരണയിൽ എത്തുന്നു.

പ്രവർത്തനങ്ങൾ ചിത്രവായന, നിറം നൽകൽ രൂപങ്ങൾ വരയ്ക്കൽ

### ജൂലായ്

50 വരെയുള്ള സംഖ്യകൾ രൂപീകരിക്കൽ, വായിക്കൽ എഴുതൽ.

പ്രവർത്തനങ്ങൾ

മഞ്ചാടി പെറുക്കൽ, കൂട്ടങ്ങളാക്കി വലിയ കൂട്ടം ചെറിയ കൂട്ടം തിരിച്ചറിയൽ, കാണാതെ പോയവരെ കണ്ടെത്തൽ.

TLM : മഞ്ചാടി, മുത്തുകൾ, ടോക്കൺ, ഉല്ലാസ ഗണിതം കിറ്റുകൾ, അബാക്കസ്.

ആഗസ്റ്റ്

200 വരെയുള്ള സംഖ്യകൾ രൂപീകരിക്കുന്നു.

പ്രവർത്തനങ്ങൾ

കൂട്ടങ്ങളാക്കൽ, വലുത് ചെറുത് ?
കൂട്ടത്തിൽ നിന്ന് എണ്ണി എടുക്കൽ അബാക്കസ് ഉപയോഗിച്ച് സ്ഥാനവില ഉറപ്പിക്കുന്ന പ്രവർത്തനങ്ങൾ.

സെപ്തംബർ

രണ്ടക്ക സംഖ്യ രൂപീകരിക്കൽ, സംഖ്യകളെ വിരിച്ചെഴുതൽ, പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കൽ.

പ്രവർത്തനങ്ങൾ

സംഖ്യാമാല നിർമ്മാണം. ഡൊമിനോസ് കട്ടകൾ ഉപയോഗിച്ചുള്ള കളികൾ,

# അക്കാദമിക മാസ്റ്റർപ്ലാൻ

2025-26

Std. 3

# ജി എം എൽ പി എസ് മഞ്ചേരി

## അക്കാദമിക് മാസ്റ്റർ പ്ലാൻ 2025 -26

### ക്ലാസ്സ് -മൂന്ന്

### വിഷയം -മലയാളം

ലക്ഷ്യം:- നാടൻപാട്ട് സ്വയം ചൊല്ലിയും താളം പിടിച്ചും ആശയം ഗ്രഹിച്ച് ആസ്വദിക്കുന്നതിൽ ആനന്ദം കണ്ടെത്തുക

* വായ്ത്താരി നിർമ്മാണത്തിൽ സ്വയം പ്രാവീണ്യം നേടുക

* പഴഞ്ചൊല്ലുകളും നാട്ടുമൊഴി വഴക്കങ്ങളും സ്വന്തം ഭാഷാപ്രയോഗങ്ങളിൽ ഉചിതമായി ഉൾപ്പെടുത്താൻ എല്ലാ കുട്ടികളെയും പ്രാപ്തരാക്കുക

* സാഹിത്യ രചനകൾ (കഥ, വിവരണം)വായിച്ചുകേട്ടും സ്വയം വായിച്ചും ആശയം ഗ്രഹിച്ച് ആസ്വദിക്കുക

| Sl no | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1 | <u>വായ്ത്താരി ചന്തം</u><br>* വ്യത്യസ്ത ഈണങ്ങളിലുള്ള വായ്ത്താരികൾ അടങ്ങിയ നാടൻ പാട്ടുകൾ കേൾക്കുന്നു അവതരിപ്പിക്കുന്നു<br><u>വായ്ത്താരി മേളം</u><br>ശേഖരിച്ച വായ്ത്താരികൾ പ്രഭാത സർഗ്ഗ വേള ബാലസഭ എന്നിവയിൽ അവതരണം<br>വ്യത്യസ്ത ഈണങ്ങളിൽ പാടാനുള്ള അവസരം<br>ശേഖരിച്ച വായ്ത്താരികൾ അടങ്ങിയ നാടൻ പാട്ടുകൾ അടങ്ങിയ പതിപ്പ് തയ്യാറാക്കൽ<br>നാടൻ പാട്ട് ശില്പശാല<br>പാവനാടകം പരിചയപ്പെടുത്തൽ<br>പാവ നാടക അവതരണം | |
| 2 | <u>പഴഞ്ചൊൽ പൊലിമ</u><br>* പഴഞ്ചൊല്ലുകൾ ശേഖരണം പഴഞ്ചൊല്ലുകൾ അടങ്ങിയ ആശയവിപുലീകരണം<br>* ഒരു ദിനം ഒരു പഴഞ്ചൊല്ല്<br>* കുട്ടികൾക്ക് ഒരു ദിനം ഒരു പഴഞ്ചൊല്ല് നൽകുന്നു പഴഞ്ചൊല്ലിലെ ആശയങ്ങൾ എഴുതിപ്പിക്കുന്നു<br>* പഴഞ്ചൊൽ പൊലിമ എന്ന പതിപ്പ് നിർമ്മാണം | |
| 3 | <u>റീഡേഴ്സ് തിയേറ്റർ</u><br>•കുട്ടികൾക്ക് പരിചിതമായ ഒരു കഥ നൽകുന്നു | |

| | | |
|---|---|---|
| | •വായന അവസരം •കഥാപാത്ര വിശകലനം •കഥാപാത്രങ്ങളെ കണ്ടെത്തൽ<br>•ആരാണ് നരേറ്റർ<br>* നരേറ്റർ സംവദിക്കുന്ന സന്ദർഭങ്ങൾ കണ്ടെത്തൽ<br>•സ്ക്രിപ്റ്റ് രചന<br>•സ്ക്രിപ്റ്റ് വായന •അവതരണം | |
| 4 | <u>കടങ്കഥ</u><br>* കടങ്കഥ മുന്നറിവ് പരിശോധന<br>* വിവിധ മേഖലകളുമായി ബന്ധപ്പെട്ട കഥകളുടെ ശേഖരണം<br>•കടങ്കഥ നിർമ്മാണം<br>}•കടങ്കഥ പതിപ്പ് തയ്യാറാക്കൽ<br>•കടങ്കഥ ശില്പശാല •വ്യത്യസ്ത കലാരൂപങ്ങളുടെ പ്രദർശനം<br>•ഡോക്യുമെന്ററി പ്രദർശനം<br>•കലാരൂപങ്ങൾ വേഷവിധാനം<br>•ചിത്രശേഖരണം<br>•ആൽബം തയ്യാറാക്കൽ | |
| 5 | <u>കഥോത്സവം</u><br>* നാട്ടുകഥകൾ ശേഖരണം •നാട്ടുകഥകൾ അവതരണം<br>* കഥാപാത്ര ചിത്രീകരണം<br>•സ്വന്തം ആശയത്തിൽ കഥാവതരണം<br>* കഥാ പൂരണം<br>•കേട്ട കഥകൾ പാവനാടകം ആക്കി അവതരിപ്പിക്കൽ<br>•കഥ കഥ കഥോത്സവം<br>•നാട്ടുകഥകൾ പറയുന്ന മുതിർന്നവരെ കണ്ടെത്തുന്നു<br>•ക്ഷണിതാവ് കഥ അവതരിപ്പിക്കുന്നു<br>•ഓരോ കഥയുടെയും അവതരണത്തിനു ശേഷം ഉള്ളടക്ക ചർച്ച | |
| 6 | <u>നിഘണ്ടു പരിചയം</u><br>മലയാള അക്ഷരങ്ങൾ അകാരാദി ക്രമത്തിൽ എഴുതുന്നു നിർദിഷ്ട വാക്കുകളുടെ അർത്ഥം കണ്ടെത്തുന്നു | |

ലക്ഷ്യം :-ആശയ വ്യക്തതയോടെ അക്ഷരത്തെറ്റ് ഇല്ലാതെ എല്ലാ കുട്ടികളെയും വായിക്കാനും എഴുതാനും പ്രാപ്തരാക്കുക

| Sl no | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1 | * കുട്ടി കേട്ട ഒരു കഥ പറയൽ<br>•അവധിക്കാല അനുഭവങ്ങൾ പറയൽ<br>ഞാനും മൂന്നാം ക്ലാസിലേക്ക് (രക്ഷിതാക്കൾക്ക് മൂന്നാം ക്ലാസിൽ കുട്ടി നേടേണ്ട ഭാഷാശേഷികളെ കുറിച്ച് കുട്ടികൾക്ക് നൽകേണ്ട പിന്തുണയെ കുറിച്ച് ബോധവൽക്കരണ ക്ലാസ് ) | |
| 2 | 2. രക്ഷിതാക്കളുടെ സഹായത്താൽ അക്ഷര കാർഡുകൾ നിർമ്മിച്ച് നൽകുന്നു വളരുന്ന അക്ഷരമരം ഒരു കുട്ടിക്ക് ഒരു കൊമ്പ് ഓരോ കുട്ടിയും പഠിച്ച അക്ഷരങ്ങൾ ഇലയുടെ ആകൃതിയിൽ മരത്തിൽ ഒട്ടിക്കുക<br>നിശ്ചിത പദങ്ങൾ ടെക്സ്റ്റിൽ നിന്നും കണ്ടെത്തൽ<br>വീട്ടിലും ഒരു അക്ഷര മരം<br>വീഡിയോ പ്രദർശനം | |
| 3 | .രക്ഷിതാക്കൾ കുട്ടികൾ എന്നിവർക്ക് വേണ്ടി •അക്ഷര ചിത്രങ്ങൾ തയ്യാറാക്കുന്ന ശിൽപ്പശാല നടത്തുന്നു തയ്യാറാക്കിയവയുടെ പ്രദർശനം<br>•അക്ഷരപൂരണം (ചിത്രങ്ങൾ നൽകി )<br>•അക്ഷര കാർഡുകൾ നൽകി വാക്ക നിർമ്മാണം | |
| 4 | വളരുന്ന അക്ഷര ലൈബ്രറി (ഓരോ ആഴ്ചയിലും അഞ്ചുദിവസത്തേക്ക് അഞ്ച് അക്ഷരങ്ങൾ നൽകുന്നു) അക്ഷരവുമായി ബന്ധപ്പെട്ട വാക്കുകൾ പത്രങ്ങൾ മാസികകൾ എന്നിവയിൽ നിന്നും കണ്ടെത്തി വളരുന്ന അക്ഷര ലൈബ്രറിയിലേക്ക് ഒട്ടിക്കുന്നു വായിക്കുന്നു•<br>•ഓണപ്പതിപ്പ് (ചിത്രങ്ങൾ, പദങ്ങൾ, പാട്ടുകൾ)<br>• ഫീൽഡ് ട്രിപ്പ്- കൃഷിയിടത്തിലേക്ക് (പച്ചക്കറികൾ തിരിച്ചറിയുന്നു പേരുകൾ എഴുതുന്നു) | |
| 5 | ചിത്രം നൽകി വായന കാർഡ് നിർമ്മാണം (രക്ഷിതാക്കളുടെ പങ്കാളിത്തത്തോടെ) വായിക്കൽ<br>•പദചങ്ങല- പദങ്ങൾ ചേർത്ത് വാക്യമാക്കൽ<br>•ആഭരണം അണിയിക്കാം (ചിഹ്നങ്ങൾ ചേർക്കുന്ന പ്രവർത്തനം)<br>• ചിഹ്നങ്ങളും പദങ്ങളും നൽകിയ കാർഡ് നൽകി പദ നിർമ്മാണം<br>•തെറ്റ് തിരുത്തൽ | |

| | | |
|---|---|---|
| 6 | •ചിത്ര വായന<br>•ചിത്രം നോക്കി കഥ പറയാം<br>•ഗ്രൂപ്പിൽ പറയുന്ന പാഠം മറ്റു ഗ്രൂപ്പുകൾ പുസ്തകം, വായനക്കാർഡ്നോക്കി പറയൽ<br>•കഥാപാത്രങ്ങളെ കണ്ടെത്തൽ (കഥയിൽ ആരൊക്കെ)<br>•സംഭാഷണം | |
| 7 | കൂട്ട വായന- കുട്ടികൾ പരസ്പരം സഹായിച്ച വായിക്കുന്നു .<br>•വായന ചങ്ങല<br>•വായന കാർഡ് നൽകൽ •ചിത്രം നൽകി വിവരണം എഴുതൽ | |
| 8 | ചിത്രങ്ങളുടെ സഹായത്തോടെ ലളിതമായ അടിക്കുറിപ്പ് എഴുതൽ<br>•രക്ഷിതാക്കൾക്ക് കവിതാരചന മത്സരം- തെരഞ്ഞെടുത്തവ ക്ലാസ്സിൽ വായനക്കാർഡ് ആക്കൽ<br>വായനക്കാർഡിൽ വരികൾ കൂട്ടിച്ചേർക്കൽ രക്ഷിതാക്കളും കുട്ടികളും ആലപിച്ച് അവതരണം | |
| 9 | കുഞ്ഞുവായന ഗുണപാഠ കഥകളുടെ ചിത്രങ്ങൾ പുസ്തകങ്ങളായി നൽകുന്നു •ചിത്രങ്ങൾക്ക് താഴെ കഥാസന്ദർഭം എഴുതി പൂർത്തിയാക്കൽ<br>•കയ്യെഴുത്തു മാസിക ക്ലാസ് ലൈബ്രറിയിലെ പുസ്തകങ്ങൾ വായിച്ച സ്വന്തം ഭാഷയിൽ കഥ പറയുക<br>• ചിത്രം നോക്കി കഥ പറയലും കഥ എഴുതലും | |
| 10 | •വായന കളരി,രക്ഷിതാക്കളും കുട്ടികളും ചേർന്ന് വായന കാർഡ് നിർമ്മാണം<br>•കഥാരചന അവതരണം | |

# ജി എം എൽ പി എസ് മഞ്ചേരി

## അക്കാദമിക് മാസ്റ്റർ പ്ലാൻ 2025 -26

## ക്ലാസ്സ് മൂന്ന്

വിഷയം-ഗണിതം

**ലക്ഷ്യം 1**

നിത്യജീവിതത്തിലെ വിവിധ ആവശ്യങ്ങൾ കളികൾ എന്നിവയുടെ ഭാഗമായി ജാമിതീയ രൂപങ്ങൾ തിരിച്ചറിയുന്ന തരംതിരിക്കുന്ന നിർമ്മിക്കുന്ന നിർമ്മാണങ്ങളിലും മറ്റും കാണുന്ന ജാമിതിയുടെ ഭംഗി ആസ്വദിക്കുന്ന രൂപങ്ങൾക്ക് നിറം നൽകി ഭംഗിയാർന്ന പാറ്റേണുകൾ നിർമ്മിക്കുന്ന നിത്യജീവിതത്തിൽ നമ്മുടെ ചുറ്റുപാടും നിരീക്ഷിച്ച വൈവിധ്യമാർന്ന പാറ്റേണുകൾ കണ്ടെത്തുന്ന അവയുടെ സൗന്ദര്യം ആസ്വദിക്കുന്ന യുക്തി സമർപ്പിക്കുന്ന പാറ്റേണുകൾ വരയ്ക്കുന്ന

| Sl no | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1 | പ്രവേശനോത്സവം<br>-വിവിധ ഗണിത രൂപങ്ങൾ കൊണ്ടുള്ള തോരണങ്ങളുടെ നിർമ്മാണം,<br>രൂപങ്ങൾ തിരിച്ചറിയൽ , പ്രത്യേകതകൾ മനസ്സിലാക്കൽ<br>ഗണിതരൂപങ്ങൾ ഉപയോഗിച്ചുകൊണ്ടുള്ള ആശംസാ കാർഡ് നിർമ്മാണം,<br>തോണി നിർമ്മാണം,<br>രൂപങ്ങൾ കണ്ടെത്തൽ,<br>ഗണിതരൂപങ്ങൾ ഉപയോഗിച്ച് വിവിധ ചിത്രങ്ങൾ തയ്യാറാക്കൽ,<br>ഗണിത രൂപചിത്ര പതിപ്പ് നിർമ്മാണം,<br>ചിത്രപ്പാറ്റേണുകൾ പരിചയപ്പെടൽ,<br>ചിത്ര പാറ്റേൺ മാഗസിൻ തയ്യാറാക്കൽ, ജിയോ ബോർഡ് നിർമ്മാണം,<br>വെജിറ്റബിൾ പ്രിന്റിങ്തയ്യാറാക്കൽ<br>തീപ്പെട്ടി കമ്പ് ഉപയോഗിച്ചുകൊണ്ടുള്ള വിവിധ ഗണിത രൂപങ്ങളുടെ നിർമ്മാണം | ജൂൺ |

**ലക്ഷ്യം2**

മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും ഒന്നു മുതൽ 2000 വരെയുള്ള സംഖ്യകൾ പറയുക വായിക്കുക എഴുതുക എന്നീ ശേഷികൾ ഉറപ്പിക്കുക

| Sl no | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1 | കളം നിറയ്ക്കാം<br>ഒന്ന് മുതൽ 100 വരെയുള്ള കളം ബോർഡ് ഉപയോഗിച്ച് സംഖ്യകളെ സ്ഥാനക്രമത്തിൽ തിട്ടപ്പെടുത്തി സംഖ്യകളെ യഥാസ്ഥാനത്ത് ക്രമീകരിക്കുക | ജൂലൈ |
| 2 | നറുക്കെടുക്കാം<br>സംഖ്യകൾ എഴുതിയ നറുക്ക് കുട്ടികൾക്ക് നൽകുന്നു കിട്ടിയ സംഖ്യ വായിക്കാം മറ്റുള്ളവർ സംഖ്യ എഴുതുന്നു | ജൂൺ |
| 3 | 10 ചങ്ങാതിമാർ<br>സംഖ്യ നറുക്കെടുക്കുന്നു കിട്ടിയ നറുക്കിലെ സംഖ്യ വായിച്ചശേഷം തുടർന്നുവരുന്ന 10 സംഖ്യകൾ എഴുതാൻ അവസരം | ജൂൺ |

| | | |
|---|---|---|
| 4 | പാറ്റേൺ പൂർത്തിയാക്കാം<br>വിവിധ സംഖ്യാ പാറ്റേൺ പൂർത്തിയാക്കൽ | ജൂൺ-സെപ്റ്റംബർ |
| 5 | ക്രമത്തിൽ ആക്കാം<br>വ്യത്യസ്ത സംഖ്യകൾ നൽകുന്ന ആരോഹണ ക്രമം അവരോഹണക്രമം എഴുതുക | ജൂൺ -ആഗസ്റ്റ് |

ലക്ഷ്യം 3

മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും മൂന്നക്ക / നാലക്ക സംഖ്യകളെ വ്യാഖ്യാനിക്കാനുള്ള ശേഷി ഉറപ്പിക്കൽ

| Sl no | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1 | കൂട്ടങ്ങളാക്കാം<br>ഇഷ്ടമുള്ള ഒരു മൂന്നക്ക സംഖ്യ എഴുതാം കളി നോട്ട് / ഗ്രിഡ് ഉപയോഗിച്ച് 1, 10, 100, 1000,2000 ന്റെ കൂട്ടങ്ങൾ ആക്കി മാറ്റാം | ജൂൺ |
| 2 | സംഖ്യാ സൂര്യൻ<br>ഓരോ കുട്ടിക്കും ഓരോ മൂന്നക്ക സംഖ്യ ബോർഡിൽ എഴുതാം<br>ഗ്രൂപ്പ് ആയി തിരിഞ്ഞ് ബോർഡിൽ എഴുതിയ സംഖ്യകളെ വ്യത്യസ്ത രീതിയിൽ മാറ്റിയെഴുതുന്നു | 2 weeks |
| 3 | ക്രമീകരിക്കാം<br>അബാക്കസ് നിർമ്മാണം സംഖ്യകളെ അബാക്കസിൽ ക്രമീകരിക്കാം<br>അരവിന്ദ ഗുപ്ത കാർഡ് ഉപയോഗിച്ച് സംഖ്യ നിർമ്മിക്കാം | ജൂൺ - സെപ്റ്റംബർ |

ലക്ഷ്യം 4

മൂന്നാം ക്ലാസിലെ മുഴുവൻ കുട്ടികൾക്കും പ്രായോഗിക പ്രശ്നങ്ങൾ പരിഹരിക്കാനുള്ള ശേഷി ഉറപ്പിക്കൽ അവസരം ഒരുക്കൽ

| Sl no | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1 | ക്ലാസിൽ ഒരു കട<br>(കുഞ്ഞു കട )കച്ചവട കണക്ക് - കുട്ടികളുടെ ബുക്ക്, പേന പെൻസിൽ, വെള്ളം ,അരി etc ചേർത്ത് ഇവയ്ക്ക് വില നൽകി കട ക്രമീകരിക്കുന്നു. ത്രാസ് അളവ് പാത്രങ്ങൾ ക്രമീകരിക്കുന്നു ആവശ്യമുള്ളവ അളന്ന് എടുക്കുന്നു കളി നോട്ട് ഉപയോഗപ്പെടുത്തി കള കച്ചവട കളി ഒരുക്കുന്നു കടക്കാരനും കസ്റ്റമറും കുട്ടികൾ തന്നെ സാധനം വാങ്ങുകയും പണം (കളി നോട്ട് ) കൈകാര്യം ചെയ്യുകയും ചെയ്യുന്നു ഗ്രൂപ്പിൽ ചർച്ച നടക്കുന്നു പ്രയാസങ്ങൾ ഗ്രൂപ്പിൽ അധ്യാപകന്റെ സഹായത്തോടെ പരിഹരിക്കുന്നു | ഫെബ്രുവരി |
| 2 | സമയചക്രം<br>ബ്ലാക്ക് ആൻഡ് വൈറ്റ് ചാർട്ട് ഉപയോഗിച്ച് സമയചക്രം തയ്യാറാക്കുന്നു (am / pm)<br>സമയവുമായി ബന്ധപ്പെട്ട പ്രായോഗിക പ്രശ്നപരിഹാരത്തിന് ഉപയോഗപ്പെടുത്തുന്ന് | ജൂലൈ |

ലക്ഷ്യം 5:-

ക്ലാസിലെ മുഴുവൻ കുട്ടികൾക്കും ചതുഷ്ക്രിയകൾ ഉറപ്പിക്കുന്നു

| Sl no | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1 | സംഖ്യാ ചക്രം<br>കറക്കി രണ്ട് സംഖ്യകൾ തെരഞ്ഞെടുക്കുന്നു അവ തമ്മിലുള്ള സങ്കലനം വ്യവകലനം ഗുണനം ഹരണം | ജൂലൈ- മാർച്ച് |
| 2 | ഭാഗ്യവാനെ കണ്ടെത്താം<br>അധ്യാപിക ബോർഡിൽ ഒരു സംഖ്യ എഴുതുന്നു വിവിധ ക്രിയകൾ അടങ്ങിയ നറുക്കുകൾ കുട്ടികൾക്ക് തെരഞ്ഞെടുക്കാൻ അവസരം നൽകുന്നു ക്രിയ ചെയ്യാം ആരുടെ ഉത്തരമാണ് ബോർഡിൽ ഉള്ളതെന്ന് കണ്ടെത്താം | ജൂലൈ- ഫെബ്രുവരി |
| 3 | ജോഡി കണ്ടെത്താം<br>വിവിധ ക്രിയകൾ അടങ്ങിയ പട്ടിക ചാർട്ട് പ്രദർശിപ്പിക്കുന്നു കുട്ടികൾക്ക് സംഖ്യ നറുക്കുകൾ തെരഞ്ഞെടുക്കാൻ അവസരം നൽകുന്നു കുട്ടികൾക്ക് കിട്ടിയ സംഖ്യ ചാർട്ടിലെ ഏത് ക്രിയയുടെ ഉത്തരം ആണെന്ന് കണ്ടെത്തി കളത്തിൽ ഒട്ടിക്കാം | ആഗസ്റ്റ് - ഫെബ്രുവരി |

# ജി എം എൽ പി എസ് മഞ്ചേരി

## അക്കാദമിക് സ്കൂൾ പ്ലാൻ 2025 -26

**ക്ലാസ്സ് മൂന്ന്**

**വിഷയം പരിസര പഠനം**

**ലക്ഷ്യം 1.** ചുറ്റുപാടുള്ള സസ്യങ്ങളെ അവയുടെ പ്രത്യേകതകൾക്ക് അനുസരിച്ച് സാമ്യങ്ങളും വ്യത്യാസങ്ങളും നിരീക്ഷണങ്ങളിലൂടെ തിരിച്ചറിഞ്ഞ് സസ്യങ്ങളെ തരംതിരിക്കുകയും ലോകത്തിലെ വൈവിധ്യം ആസ്വദിക്കുകയും ചെയ്യുക

| Sl no | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1 | ഞാനും എന്റെ പരിസരവും<br>ജൈവവൈവിധ്യ ഉദ്യാന സന്ദർശനം.<br>സസ്യങ്ങളെ നിരീക്ഷിക്കൽ<br>പ്രത്യേകതകൾക്ക് അനുസരിച്ച് തരം തിരിക്കാൻ മരങ്ങൾ കുറ്റിച്ചെടികൾ വർഗീകരണം<br>സസ്യങ്ങളുടെ വളർച്ച രീതികൾ മനസ്സിലാക്കാൻ<br>പൂന്തോട്ടം ഒരുക്കാം<br>-ജൈവവൈവിധ്യ ഉദ്യാന നിർമ്മാണം<br>-സ്കൂൾ പൂന്തോട്ടം നവീകരണം<br>-വീട്ടിൽ പൂന്തോട്ടം നിർമ്മിക്കൽ | ജൂൺ - ജനുവരി |

**ലക്ഷ്യം 2**

പരിസ്ഥിതി സൗഹൃദ മനോഭാവം വളർത്തിയെടുക്കുക
ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താല്പര്യവും വളർത്തുക

| Sl no | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1 | പ്രകൃതി നടത്തം<br>ചുറ്റുപാടുള്ള ജീവജാലങ്ങളെ നിരീക്ഷിക്കാം പ്രത്യേകതകൾ മനസ്സിലാക്കാം വിവിധ ആവാസ വ്യവസ്ഥകൾ അടുത്ത് അറിയാം ഫീൽഡ് ട്രിപ്പ് ജീവികളുടെ പരസ്പര ആശ്രയത്വം ചർച്ച നമുക്ക് ചുറ്റുപാടുള്ള മലിനീകരണ പ്രശ്നം അനുഭവിച്ചറിയാം സ്വയം തിരുത്താം ഫീൽഡ് ട്രിപ്പ് പ്രകൃതിക്ക് ഭീഷണിയാകുന്ന മനുഷ്യന്റെ ചില ഇടപെടലുകൾ മനസ്സിലാക്കാം ഡോക്യുമെന്ററി പ്രദർശനം ചർച്ച തെറ്റും ശരിയും | ജൂൺ-ഒക്ടോബർ |
| 2 | പൂന്തോട്ടം ഒരുക്കാം സ്കൂൾ പൂന്തോട്ടം പരിപാലിക്കൽ വീട്ടിൽ പൂന്തോട്ടം നിർമ്മിക്കൽ | ജൂൺ -മാർച്ച് |
| 3 | ഒരു തൈ നടാം<br>പരിസ്ഥിതി ദിനത്തോടനുബന്ധിച്ച് വൃക്ഷത്തൈ നടീൽ നട്ട വൃക്ഷത്തൈ പരിപാലിക്കൽ | ജൂൺ |
| 4 | പോസ്റ്റർ നിർമ്മാണം<br>പ്രകൃതി സംരക്ഷണ പോസ്റ്റർ തയ്യാറാക്കൽ പരിസരങ്ങളിൽ പതിക്കൽ | മാർച്ച് |

| | | |
|---|---|---|
| 5 | ദാഹജലം<br>പൂന്തോട്ടത്തിൽ വേനൽക്കാലത്ത് കിളികൾക്ക് ദാഹ ജലം സജ്ജീകരിക്കാം | മാർച്ച് |

## ലക്ഷ്യം 3

കുട്ടികളെ വ്യക്തി ശുചിത്വവും പരിസര ശുചിത്വവും ഉള്ളവരാക്കി മാറ്റുക

| Sl no | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1 | ദിന കൃത്യങ്ങൾ<br>ഓരോ ദിനവും പ്രഭാതകൃത്യങ്ങൾ കഴിഞ്ഞ സ്കൂളിൽ വരാവൂ എന്ന ബോധം<br>ക്ലാസ് ചർച്ചകളിലൂടെ ഉറപ്പിക്കുന്നു<br>കുട്ടികളെ ഗ്രൂപ്പുകൾ ആക്കി ഓരോ ദിവസത്തെയും പരിശോധന ചുമതല ഓരോ ഗ്രൂപ്പിനായി നൽകുന്നു | ജൂൺ -മാർച്ച് |
| 2 | നമ്പർ വൺ<br>ക്ലാസ് തലത്തിൽ ശുചിത്വ മത്സരം വ്യക്തി ശുചിത്വം ക്ലാസ് റൂം പരിസര ശുചിത്വം എന്നിവ അടിസ്ഥാനമാക്കി മാർക്ക് നൽകുന്നു | ജൂലൈ -മാർച്ച് |
| 3 | പരിസര നടത്തം<br>നമ്മുടെ പരിസരത്തെ മലിനീകരണ പ്രശ്നം അടുത്തറിയാം സർവ്വേ<br>മലിനീകരണം മൂലമുള്ള പ്രശ്നങ്ങൾ കണ്ടെത്തുന്നു പരിസ്ഥിതി സംരക്ഷണ പ്രതിജ്ഞ | ജൂൺ - ഡിസംബർ |
| 4 | നല്ല ശീലം<br>പോസ്റ്ററുകൾ തയ്യാറാക്കാം പരിസരങ്ങളിൽ പതിക്കാം | ജൂലൈ -മാർച്ച് |

## ലക്ഷ്യം 4

ശാസ്ത്ര വിഷയങ്ങളിൽ അഭിരുചിയും താല്പര്യവും വളർത്തുക

| Sl no | പ്രവർത്തനം | കാലയളവ് |
|---|---|---|
| 1 | ഫീൽഡ് ട്രിപ്പ്<br>നമ്മുടെ നാടിനെ പരിസ്ഥിതിയെ അടുത്തറിയാനായി ഫീൽഡ് ട്രിപ്പ് സംഘടിപ്പിക്കുന്നു കുളം വയൽ കാട് etc | ജനുവരി - മാർച്ച് |
| 2 | പരീക്ഷണങ്ങൾ<br>ശാസ്ത്ര കൗതുകം വളർത്തുന്ന പരീക്ഷണങ്ങളിൽ ഏർപ്പെടുന്നു | ഡിസംബർ - ഫെബ്രുവരി |
| 3 | ശാസ്ത്രജ്ഞനോടൊപ്പം ക്യാമ്പ് മികച്ച ശാസ്ത്ര അധ്യാപകന്റെ സേവനം ലഭ്യമാക്കുന്നു | ജനുവരി -മാർച്ച് |

# G M L P S MANJERI
# Academic master plan-English
# STD 3

**Aim -To speak read and write English without any mistakes**

**Time June to March**

**PRETEST**

To check the vocabulary and writing skills of pupils

**June and July**

* To develop listening skills and reading skills

**Listening skills**

1 .games action songs Hello English activities

2 .conversation, skit,stories use ICT

**Speaking skills**

1.Identify the naming words from the picture

2. Identify the action words from the same pictures

